03
2025
ജൂലൈ
വ്യാഴം
മിഥുനം 19

NAUTICAL TIMES
KERALA
The National Daily in Malayalam / English
# നോട്ടിക്കൽ ടൈംസ് കേരള
e-mail: nauticaltimeskerala@gmail.com
RNI.Reg.No.KERBIL/2018/77391

തിരുവനന്തപുരം | Thiruvananthapuram | web: www.nauticaltimesmedia.com | Volume-6, Issue No.176 Page 4, | Price: Rs. 2 | പുസ്തകം-6 ലക്കം-176 | പേജ് 4. വില 2.00 രൂപ




02 എസ്.എ.ടി.യിൽ പീഡിയാട്രിക് ഗ്യാസ്ട്രോ എൻട്രോളജി ഡിപ്പാർട്ട്മെന്റ്

03 ഇസ്രയേലിൽ വീണ്ടും ആക്രമണം നടത്തി യെമൻ

04 ഡോ. ഹാരിസ് പറഞ്ഞത് സത്യം; മന്ത്രിമാർക്ക് ഭീഷണിയുടെ സ്വരമെന്ന് സതീശൻ

## മത്സ്യബന്ധനത്തിന് വിദേശ കപ്പലുകൾക്ക് അനുവാദം
# കേന്ദ്രനീക്കത്തിനെതിരെ പ്രക്ഷോഭം

ആലപ്പുഴ: മത്സ്യസമ്പത്ത് കൊള്ളയടിക്കുവാൻ കോർപ്പറേറ്റുകളുടെ യാനങ്ങൾക്ക് അനുവാദം നൽകുവാനുള്ള കേന്ദ്ര സർക്കാർ തീരുമാനത്തിനെതിരെ പ്രക്ഷോഭം നടത്തുമെന്ന് എഐടിയുസി സംസ്ഥാന പ്രസിഡന്റ് ടി ജെ ആഞ്ചലോസ് പറഞ്ഞു.

കടൽ മണൽ ഖനനത്തിന് പുറമെ, മത്സ്യ കൃഷിക്കായി കടൽ കുത്തകകൾക്ക് പതിച്ച് നൽക്കുകയും, മത്സ്യ ബന്ധനത്തിന് വൻകിട കമ്പനികൾക്ക് അനുവാദം നൽകുകയും ചെയ്യുന്ന ബ്ലൂ ഇക്കോണമി നയരേഖയുടെ അടിസ്ഥാനത്തിലുള്ള ഗൂഢ നീക്കത്തെ സംബന്ധിച്ച് നൽകിയ മുന്നറിയിപ്പുകൾ ശരിവെക്കുന്ന തരത്തിലുള്ള പ്രഖ്യാപനങ്ങളാണ് ദിവസവും കേന്ദ്ര സർക്കാർ നടത്തുന്നത്. കോൺഗ്രസ് സർക്കാരിന്റെ നവ സാമ്പത്തീക നയത്തിന്റെ അടിസ്ഥാനത്തിൽ ഇതേ രീതിയിൽ വിദേശ ട്രോളറുകൾക്ക് അനുവാദം നൽകുകയും തന്മൂലം പരമ്പരാഗത മത്സ്യ തൊഴിലാളികൾ പട്ടിണിയിലാകുകയും ചെയ്തതിനെ തുടർന്നുണ്ടായ പ്രക്ഷോഭത്തിന്മേലാണ് മുരാരി കമ്മിറ്റിയെ നിയമിച്ചതെന്നും പ്രസ്തുത റിപ്പോർട്ടിന് വിരുദ്ധമായ കാര്യങ്ങളാണ് ഇപ്പോൾ കേന്ദ്ര സർക്കാർ നടപ്പിലാക്കുന്നതെന്നും അദ്ദേഹം പറഞ്ഞു.



കേരള തീരത്തുനിന്നു മത്സ്യബന്ധനത്തിനു പോകുന്ന ആയിരക്കണക്കിനു യന്ത്രവത്കൃത പരമ്പരാഗത യാനങ്ങളെ ബാധിക്കുന്ന പദ്ധതി നടപ്പായാൽ കാൽ നൂറ്റാണ്ടു കാലത്തേക്കു വിദേശ കമ്പനിക്കു കടൽ അരിച്ചുപെറുക്കാം. ബിഒഒടി (ബിൽഡ്, ഓൺ, ഓപ്പറേറ്റ് ആൻഡ് ട്രാൻസ്ഫർ) പദ്ധതി 2025 വർഷത്തേക്കാണ്. കമ്പനി പിടിക്കുന്ന മീൻ സംസ്കരിച്ച് ആഭ്യന്തര വിദേശ വിപണികളിൽ വിറ്റഴിക്കുമെന്നും ഇതിനായി രാജ്യത്തിനകത്തും പുറത്തും റീട്ടെയ്ൽ യൂണിറ്റുകൾ സ്ഥാപിക്കുമെന്നും പദ്ധതിരേഖയിൽ പറയുന്നു. സംസ്ഥാനത്തെ പരമ്പരാഗത മത്സ്യവിപണന ശൃംഖലകളെ ഇതു ദോഷകരമായി ബാധിക്കുമെന്നാണ് ആശങ്ക.

മത്സ്യബന്ധന മേഖലയിൽ വൻ മാറ്റങ്ങൾക്കു വഴിയൊരുക്കുന്ന പദ്ധതി നടപ്പാക്കുകയാണു ലക്ഷ്യമെങ്കിൽ അതിനു പറ്റിയ കമ്പനികളെ കണ്ടെത്താൻ ആഗോള ടെൻഡർ വിളിക്കണം.

തീര പരിപാലന വിജ്ഞാപനത്തിൽ നിന്നും മത്സ്യ തൊഴിലാളി ഭവനങ്ങളെ ഒഴിവാക്കണമെന്ന ആവശ്യം, കടൽ മണൽ ഖനനപദ്ധതി, കടലാമ സംരക്ഷണത്തിന്റെ പേരിലുള്ള അമേരിക്കൻ നിരോധനം, മണ്ണെണ്ണ വിഹിതം വെട്ടിക്കുറക്കലും വിലവർധിപ്പിക്കലും, കടലാക്രമണ പ്രതിരോധ പദ്ധതിയ്ക്ക് തുക നിഷേധിക്കൽ, കപ്പലപകടങ്ങളുമായി ബന്ധപ്പെട്ട നിസംഗത തുടങ്ങിയ മത്സ്യ തൊഴിലാളി വിരുദ്ധ നടപടികളാണ് കേന്ദ്ര സർക്കാർ നിരന്തരം തുടരുന്നതെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

## കപ്പൽ അപകടം: ശ്രദ്ധ ക്ഷണിക്കൽ സമരം ഏഴിന്

കൊച്ചി:കപ്പൽ അപകടങ്ങളെസംബന്ധിച്ച് കോടതിയുടെ ഉത്തരവാദിത്വത്തിൽ സമഗ്രമായ അന്വേഷണം നടത്തുക, മത്സ്യമേഖലയ്ക്കും തൊഴിലാളിക്കും ഉണ്ടായ നഷ്ടത്തിന് സാർവദേശീയ മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിൽ നഷ്ടപരിഹാരം ലഭ്യമാക്കുക, മത്സ്യത്തിനും പരിസ്ഥിതിക്കും ഉണ്ടായ നഷ്ടത്തെ സംബന്ധിച്ച് വിദഗ്ധസമിതിയെ നിയമിച്ച് പരിശോധിക്കുക, എന്നീ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് കേരള ഫിഷറീസ് കോർഡിനേഷൻ കമ്മിറ്റിയുടെ നേതൃത്വത്തിൽ ഏഴിന് രാവിലെ 10 ന് എറണാകുളം സിഎംഎഫ്ആർഐ സ്ഥാപനത്തിന് മുന്നിൽശ്രദ്ധ ക്ഷണിക്കൽ സമരം നടത്തും.

ശ്രദ്ധ ക്ഷണിക്കൽ ഹൈബി ഈഡൻ എംപി ഉദ്ഘാടനം ചെയ്യും. കോ.ഓർഡിനേഷൻ കമ്മിറ്റി ചെയർമാൻ ടി എൻ പ്രതാപൻ അധ്യക്ഷത വഹിക്കും. വി ദിനകരൻ മുൻ എംഎൽഎ മുഖ്യ പ്രഭാഷണം നടത്തും. പി പി ചിത്തരഞ്ജൻ എംഎൽഎ, മുൻ എംപി ടി ജെ ആഞ്ചലോസ്, ചാൾസ് ജോർജ്, ഉമ്മർ ഒട്ടുമ്മൽ, ജാക്സൺ പൊള്ളയിൽ ജോസഫ് സേവ്യർ കളപ്പുരയ്ക്കൽ, അനിൽ ബി കളത്തിൽ, ജോസഫ് ജൂഡ്, പി വി ജയൻ, എൻ എ ജെയിൻ, അഡ്വ. ലീലാകൃഷ്ണൻ തുടങ്ങിയവർ സംസാരിക്കും.

## ഗവർണർ തിരികെ മടങ്ങണം'; എസ്എഫ്ഐ മാർച്ചിൽ സംഘർഷം, ബാരിക്കേഡ് ഭേദിച്ച് പ്രവർത്തകർ

തിരുവനന്തപുരം: കേരള സർവകലാശാ രജിസ്ട്രാറെ സസ്പെൻഡ് ചെയ്തതിൽ പ്രതിഷേധിച്ച് എസ്എഫ്ഐയും ഡിവൈഎഫ്ഐയും രാജ്ഭവൻ മാർച്ച് നടത്തി. എസ്എഫ്ഐ മാർച്ചിന് പിന്നാലെയായിരുന്നു ഡിവൈഎഫ്ഐ മാർച്ച്. രണ്ട് മാർച്ചിലും സംഘർഷമുണ്ടായി. പൊലീസ് ജലപീരങ്കി പ്രയോഗിച്ചു. നൂറോളം പ്രവർത്തകർ മാർച്ചിൽ പങ്കെടുത്തു.

സെനറ്റ് ഹാളിലെ ഭാരതാംബ ചിത്രവിവാദത്തിലാണ് കേരള സർവകലാശാല രജിസ്ട്രാറെ സസ്പെൻഡ് ചെയ്തത്. ഭാരതാംബ വിവാദത്തെ തുടർന്ന് സെനറ്റ് ഹാളിൽ നടത്താനിരുന്ന പരിപാടി റദ്ദാക്കിയതിനാണ് നടപടി. രജിസ്ട്രാർ കെ എസ് അനിൽകുമാറിനെ വി സി ഡോ. മോഹനൻ കുന്നുമ്മേൽ ആണ് സസ്പെൻഡ് ചെയ്തത്.

വി സിയുടെ നടപടി പ്രകടമായ അധികാര ദുർവിനിയോഗമാണെന്ന് മന്ത്രി



ആർ ബിന്ദുവും ഇടത് സംഘടനകളും പറഞ്ഞിരുന്നു. രജിസ്ട്രാർക്ക് എതിരെ അച്ചടക്ക നടപടി സ്വീകരിക്കാൻ മോഹനൻ കുന്നുമ്മലിന് അധികാരമില്ല. ചാൻസിലർക്കോ വിസിയ്ക്കോ ഇതിനായി യാതൊരു അധികാരവും നിയമം നൽകിയിട്ടില്ല. രജിസ്ട്രാറുടെ അപ്പോയിന്റിംഗ് അഥോറിറ്റി സിൻഡികേറ്റ് ആണ്. അതിനാൽ ഏത് അച്ചടക്കനടപടിയും സിൻഡിക്കേറ്റിന്റെ അധികാര പരിധിയിലാണ്. സർവകലാശാല നിയമങ്ങളും സ്റ്റാട്യൂട്ടും ഇത് വ്യക്തമാക്കുന്നു.

ഗവർണർ വിളച്ചിലെടുക്കരുതെന്ന് എസ്എഫ്ഐ നേതാക്കൾ പറഞ്ഞു. എസ്എഫ്ഐ ശക്തി അറിയാൻ ഗവർണർ ആരിഫ് മുഹമ്മദ് ഖാനെ വിളിച്ചാൽ മതിയെന്നും നേതാക്കൾ പറഞ്ഞു. ആർഎസ്എസിന്റെ ഇംഗിതങ്ങൾക്ക് വഴങ്ങാത്തവർക്കെതിരെ നടപടി എടുത്ത് പുറത്താക്കുന്ന രീതി തെറ്റാണ്. അത് തിരുത്തിയില്ലെങ്കിൽ വലിയ പ്രതിഷേധങ്ങൾ കാണേണ്ടിവരുമെന്നും ഇത് സൂചനാ പ്രതിഷേധമാണെന്നും എസ്എഫ്ഐ നേതാക്കൾ പറഞ്ഞു.

മോഹനൻ കുന്നുമ്മേൽ തനിക്ക് ഇല്ലാത്ത അധികാരം പ്രയോഗിക്കുകയാണ്. നിയമവിരുദ്ധമായി ആര് പ്രവർത്തിച്ചാലും അത് അംഗീകരിക്കാനാവില്ല. നിയമവിരുദ്ധ ഉത്തരവ് ഇറക്കിയ മോഹനൻ കുന്നുമ്മേൽ കേരളത്തിലെ ഉന്നത വിദ്യാഭ്യാസ മേഖലയോടും പൊതുസമൂഹത്തോടും ഉത്തരം പറയേണ്ടി വരും. കേരള സർവകലാശാല നാടിന്റെ അഭിമാന സ്ഥാപനമാണ്. സർവകലാശാല സെനറ്റ് ഹാളിൽ നടന്ന നിയമവിരുദ്ധ ചെയ്തികൾക്കെതിരെ, നിയമപരമായ നടപടി സ്വീകരിച്ചതിനാണ് രജിസ്ട്രാറെ സസ്പെൻഡ് ചെയ്തത്. എന്ന് ഡിവൈഎഫ്ഐ പ്രസ്താവനയിൽ പറഞ്ഞു.

## കേരള സർവകലാശാല രജിസ്ട്രാർക്ക് സസ്പെൻഷൻ

തിരുവനന്തപുരം: സെനറ്റ് ഹാളിലെ ഭാരതാംബ ചിത്രവിവാദത്തിൽ കേരള സർവകലാശാല രജിസ്ട്രാർക്ക് സസ്പെൻഷൻ. ഭാരതാംബ വിവാദത്തെ തുടർന്ന് സെനറ്റ് ഹാളിൽ നടത്താനിരുന്ന പരിപാടി റദ്ദാക്കിയതിനാണ് നടപടി. രജിസ്ട്രാർ കെ.എസ്. അനിൽകുമാറിനെ വിസി ഡോ:മോഹനൻ കുന്നുമ്മേൽ ആണ് സസ്പെൻഡ് ചെയ്തത്.

രാജ്ഭവൻ ഇതുമായി ബന്ധപ്പെട്ട് നിയമോപദേശം തേടിയിരുന്നു. വൈസ് ചാൻസലർക്കോ ചാൻസലർക്കോ രജിസ്ട്രാർക്കെതിരേ നടപടിയെടുക്കാമെന്നാണ് നിയമോപദേശം ലഭിച്ചത്. ഇതിന് പിന്നാലെയാണ് വിസിയുടെ നടപടി. രജിസ്ട്രാർ ഡോ:കെ.എസ്.അനികുമാറിനെ യൂണിവേഴ്സിറ്റി നിയമ പ്രകാരമുള്ള വിസിയുടെ പ്രത്യേക അധികാരം ഉപയോഗിച്ച് അന്വേഷണ വിധേയമായി സസ്പെൻഡ് ചെയ്തുകൊണ്ട് വിസി ഡോ:മോഹനൻ കുന്നുമ്മേൽ ആണ് ഉത്തരവിട്ടത്. പി. ഹരികുമാറിന് രജിസ്ട്രാറുടെ ചുമതല നൽകി.

ഹാളിൽ ശ്രീ പത്മനാഭ സേവാസമിതി സംഘടിപ്പിച്ച പരിപാടിയുടെ വേദിയിലായിരുന്നു കാവിക്കൊടിയേന്തിയ ഭാരതാംബയുടെ ചിത്രംവെച്ചത്. ഇത് എസ്എഫ്ഐ, കെഎസ്‌യു പ്രതിഷേധത്തിന് വഴിവെച്ചിരുന്നു.കാവിക്കൊടിയേന്തിയ ഭാരതാംബയുടെ ചിത്രത്തിനെതിരേ നടന്ന പ്രതിഷേധത്തെ തുടർന്ന് കേരള യൂണിവേഴ്സിറ്റി സെനറ്റ് ഹാളിലെ പരിപാടിക്ക് ശേഷം ഗവർണറെ മറ്റൊരു വഴിയിലൂടെയാണ് പോലീസ് പുറത്തെത്തിച്ചത്.

ഗവർണർ ഉദ്ഘാടകനായ പരിപാടി ആരംഭിക്കുന്നതിന് മുന്നേതന്നെ സംഘർഷം രൂപംകൊണ്ടു. ഇതിന് പിന്നാലെ പ്രവർത്തകരെ പോലീസ് കസ്റ്റഡിയിൽ എടുത്തു. യൂണിവേഴ്സിറ്റിയിൽ എത്തിയ ആർഎസ്എസ് പ്രവർത്തകനെയും പോലീസ് കസ്റ്റഡിയിൽ എടുത്തു. ഇതിനിടെ പരിപാടി റദ്ദാക്കിയതായി കേരള യൂണിവേഴ്സിറ്റി രജിസ്ട്രാർ പ്രഖ്യാപിച്ചെങ്കിലും ഗവർണർ സ്ഥലത്തെത്തി പരിപാടിയിൽ പങ്കെടുക്കുകയായിരുന്നു.

## വിസ്മയ കേസിൽ പ്രതി കിരൺകുമാറിന് ജാമ്യം അനുവദിച്ച് സുപ്രീംകോടതി; ശിക്ഷാവിധി മരവിപ്പിച്ചു

ന്യൂഡൽഹി: പ്രമാദമായ വിസ്മയ കേസിൽ പ്രതി കിരൺകുമാറിന് ജാമ്യം. സുപ്രീംകോടതിയാണ് കിരൺകുമാറിന് ജാമ്യം അനുവദിച്ചത്. കേസിലെ ശിക്ഷാവിധി മരവിപ്പിക്കണമെന്ന ആവശ്യവും കോടതി അംഗീകരിച്ചു.

സ്ത്രീധനപീഡനത്തെത്തുടർന്ന് ബിഎഎംഎസ് വിദ്യാർഥിനിയായ വിസ്മയ ജീവനൊടുക്കിയ കേസിൽ ഭർത്താവ് കിരൺകുമാറിനെ പത്തുവർഷത്തെ തടവിനാണ് കൊല്ലം ജില്ലാ അഡീഷണൽ സെഷൻസ് കോടതി ശിക്ഷിച്ചത്. എന്നാൽ, ഇതിനെതിരേ കി



രൺകുമാർ ഹൈക്കോടതിയിൽ അപ്പീൽ നൽകിയിരുന്നു. ഈ അപ്പീലിൽ തീരുമാനമെടുക്കുന്നതുവരെ ശിക്ഷാവിധി മരവിപ്പിക്കണമെന്ന് ആവശ്യപ്പെട്ടാണ് കിരൺകുമാർ സുപ്രീംകോടതിയെ സമീപിച്ചത്. ഈ ആവശ്യം സുപ്രീംകോടതി അംഗീകരിക്കുകയായിരുന്നു. നേരത്തേ കേസിൽ കിരൺകുമാറിന് കോടതി പരോളും അനുവദിച്ചിരുന്നു.

ശാരീരികമായും മാനസികമായും പീഡിപ്പിച്ചതിനെ തുടർന്ന് 2021 ജൂൺ 21ന് ഭർതൃഗൃഹത്തിൽ വിസ്മയ ആത്മഹത്യ ചെയ്തെന്നാണ് കേസ്. സ്ത്രീധനമായി നൽകിയ കാറിൽ തൃപ്തനല്ലാത്തതിനാലും വാഗ്ദാനം ചെയ്ത സ്വർണം ലഭിക്കാത്തതിനാലും ഭർത്താവ് കിരൺകുമാർ മാനസികമായി പീഡിപ്പിച്ചെന്നും ഉപദ്രവിച്ചെന്നുമായിരുന്നു പ്രോസിക്യൂഷൻ വാദം. തുടർന്ന് 2022 മെയ് 23ന് കിരൺകുമാറിനെ പത്തുവർഷത്തെ തടവിന് കൊല്ലം ജില്ലാ അഡീഷണൽ സെഷൻസ് കോടതി ശിക്ഷിച്ചു. 12.55 ലക്ഷം രൂപ പിഴയും ചുമത്തി. മോട്ടോർ വാഹനവകുപ്പിൽ എഎംവിഐ ആയിരുന്ന കിരൺകുമാറിനെ കേസിൽ അറസ്റ്റിലായതിന് പിന്നാലെ സർവീസിൽനിന്ന് പിരിച്ചുവിട്ടിരുന്നു.



# അഞ്ചുദിവസം മഴയെത്തും; ഇന്ന് അതിശക്തമായ മഴയ്ക്ക് സാധ്യത, ഓറഞ്ച് അലർട്ട്

തിരുവനന്തപുരം: സംസ്ഥാനത്ത് അടുത്ത അഞ്ചു ദിവസം വ്യാപക മഴയ്ക്ക് സാധ്യത. ഇന്ന് ഒറ്റപ്പെട്ട അതിശക്തമായ മഴയ്ക്കും ശനിയാഴ്ച വരെ ഒറ്റപ്പെട്ട ശക്തമായ മഴക്കും സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ് അറിയിച്ചു. ഇന്നും വ്യാഴാഴ്ചയും കേരളത്തിന് മുകളിൽ മണിക്കൂറിൽ പരമാവധി 40 മുതൽ 50 കിലോമീറ്റർ വരെ വേഗത്തിൽ കാറ്റ് ശക്തമാകാനും സാധ്യതയുണ്ട്.

ശക്തമായ മഴയ്ക്കുള്ള സാധ്യത കണക്കിലെടുത്ത് വിവിധ ജില്ലകളിൽ കേന്ദ്ര കാലാവസ്ഥാ വകുപ്പ് ഓറഞ്ച്, യെല്ലോ അലർട്ടുകൾ പ്രഖ്യാപിച്ചു. ഇന്ന് കണ്ണൂർ, കാസർഗോഡ് ജില്ലകളിലാണ് ഓറഞ്ച് അലർട്ടുള്ളത്. ഒറ്റപ്പെട്ടയിടങ്ങളിൽ അതിശക്തമായ മഴയ്ക്കുള്ള സാധ്യതയാണ് പ്രവചിച്ചിരിക്കുന്നത്.

അതേസമയം, ഇന്ന് തൃശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട് ജില്ലകളിൽ യെല്ലോ അലർട്ടാണ്. വ്യാഴാഴ്ച കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിലും വെള്ളി, ശനി ദിവസങ്ങളിൽ കണ്ണൂർ, കാസർഗോഡ് ജില്ലകളിലും യെല്ലോ അലർട്ടാണ്. ഒറ്റപ്പെട്ട ശക്തമായ മഴയ്ക്കുള്ള സാധ്യതയാണ് പ്രവചിക്കപ്പെട്ടിരിക്കുന്നത്. ഇടിമിന്നലോടുകൂടിയ മഴയാണ് പ്രതീക്ഷിക്കുന്നത്.

അടുത്ത മണിക്കൂറിൽ കോട്ടയം, ഇടുക്കി, എറണാകുളം, തൃശൂർ (ഓറഞ്ച് അലർട്ട്: അടുത്ത മൂന്നു മണിക്കൂർ മാത്രം) ജില്ലകളിൽ ഒറ്റപ്പെട്ടയിടങ്ങളിൽ ഇടിമിന്നലോട് കൂടിയ ഇടത്തരം മഴയ്ക്കും മണിക്കൂറിൽ 50 കിലോമീറ്റർ വരെ വേഗത്തിൽ ശക്തമായ കാറ്റിനും സാധ്യതയുണ്ട്.

തെക്കൻ ജാർഖണ്ഡിന് മുകളിലായി ചക്രവാതച്ചുഴി സ്ഥിതിചെയ്യുന്നുണ്ട്. ഇതിന്റെ സ്വാധീനഫലമായാണ് സംസ്ഥാനത്ത് മഴ ശക്തമാകുന്നത്.

അതേസമയം, കേരള–കർണാടക – ലക്ഷദ്വീപ് തീരങ്ങളിൽ ഇന്ന് മത്സ്യബന്ധനത്തിന് തടസമില്ലെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു. ഇന്ന് മധ്യപടിഞ്ഞാറൻ അറബിക്കടൽ, അതിനോട് ചേർന്ന മധ്യകിഴക്കൻ അറബിക്കടൽ, വടക്കു പടിഞ്ഞാറൻ അറബിക്കടലിന്റെ തെക്കൻ ഭാഗങ്ങൾ, തെക്കുപടിഞ്ഞാറൻ അറബിക്കടലിന്റെ വടക്കൻ ഭാഗങ്ങൾ, തെക്കൻ തമിഴ്നാട് തീരം, ഗൾഫ് ഓഫ് മന്നാർ, അതിനോട് ചേർന്ന കന്യാകുമാരി പ്രദേശം എന്നിവിടങ്ങളിൽ മണിക്കൂറിൽ 45 മുതൽ 55 കിലോമീറ്റർ വരെയും ചില അവസരങ്ങളിൽ 65 കിലോമീറ്റർ വരെയും വേഗത്തിൽ ശക്തമായ കാറ്റിന് സാധ്യതയുണ്ട്.

തെക്കൻ ഗുജറാത്ത് തീരം അതിനോട് ചേർന്ന വടക്കൻ ഗുജറാത്ത് തീരം, കൊങ്കൺ, ഗോവ തീരങ്ങൾ അതിനോട് ചേർന്ന കടൽ പ്രദേശങ്ങൾ, വടക്കുകിഴക്കൻ അറബിക്കടൽ, തെക്കൻ അറബിക്കടലിന്റെ വടക്കൻ ഭാഗങ്ങൾ, വടക്കൻ ബംഗാൾ ഉൾക്കടൽ, വടക്കൻ ആന്ധ്രാപ്രദേശ് തീരം, ഒഡീഷ തീരം, മധ്യ പടിഞ്ഞാറൻ ബംഗാൾ ഉൾക്കടൽ അതിനോട് ചേർന്ന തെക്കുപടിഞ്ഞാറൻ ബംഗാൾ ഉൾക്കടൽ എന്നിവിടങ്ങളിൽ മണിക്കൂറിൽ 40 മുതൽ 50 കിലോമീറ്റർ വരെയും ചില അവസരങ്ങളിൽ 60 കിലോമീറ്റർ വരെയും വേഗത്തിൽ ശക്തമായ കാറ്റിനും മോശം കാലാവസ്ഥയ്ക്കും സാധ്യതയുണ്ട്.

മധ്യ ബംഗാൾ ഉൾക്കടലിന്റെ വടക്കൻ ഭാഗങ്ങളിൽ മണിക്കൂറിൽ 45 മുതൽ 55 കിലോമീറ്റർ വരെയും ചില അവസരങ്ങളിൽ 65 കിലോമീറ്റർ വരെയും വേഗതയിൽ ശക്തമായ കാറ്റിനും മോശം കാലാവസ്ഥയ്ക്കും സാധ്യതയുണ്ട്. ഈ പ്രദേശങ്ങളിൽ മത്സ്യബന്ധനത്തിന് പോകാൻ പാടുള്ളതല്ലെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് മുന്നറിയിപ്പ് നല്കി.

# ട്രിമ 2025 മാനേജ്മെൻറ് കൺവെൻഷൻ ജൂലൈ 30, 31 ന് തിരുവനന്തപുരത്ത്

## ടിഎംഎ സംഘടിപ്പിക്കുന്ന സമ്മേളനത്തിൻറെ ഓൺലൈൻ ഡെലിഗേറ്റ് രജിസ്ട്രേഷൻ ആരംഭിച്ചു

തിരുവനന്തപുരം: ട്രിവാൻഡ്രം മാനേജ്മെൻറ് അസോസിയേഷൻ (ടിഎംഎ) സംഘടിപ്പിക്കുന്ന ട്രിമ 2025 വാർഷിക മാനേജ്മെൻറ് കൺവെൻഷൻ ജൂലൈ 30, 31 തീയതികളിൽ തിരുവനന്തപുരത്ത് നടക്കും. ടിഎംഎയുടെ 40–ാം വാർഷികത്തോടനുബന്ധിച്ച് ഹോട്ടൽ ഒ ബൈ താമരയിൽ നടക്കുന്ന ഈ വർഷത്തെ മാനേജ്മെൻറ് കൺവെൻഷൻറെ പ്രമേയം 'ലീഡർഷിപ്പ് ഫോർ എമർജിംഗ് വേൾഡ് – നാവിഗേറ്റിംഗ് ടെക്നോളജി, എൻറർപ്രണർഷിപ്പ് ആൻഡ് സോഷ്യൽ വെൽ–ബീയിംഗ്' എന്നതാണ്. സമ്മേളനത്തിൻറെ ഓൺലൈൻ ഡെലിഗേറ്റ് രജിസ്ട്രേഷൻ ആരംഭിച്ചു.

1985 ൽ സ്ഥാപിതമായ ടിഎംഎ മാനേജ്മെൻറ് മികവ് പ്രോത്സാഹിപ്പിക്കുന്നതിനും സുസ്ഥിര വികസനം വളർത്തുന്നതിനും പ്രതിജ്ഞാബദ്ധരായ സിഇഒമാർ, വ്യവസായ പ്രമുഖർ, നയരൂപകർത്താക്കൾ എന്നിവർ ഉൾപ്പെടുന്ന ഇന്ത്യയിലെ മുൻനിര മാനേജ്മെൻറ് അസോസിയേഷനുകളിൽ ഒന്നാണ്. അഖിലേന്ത്യാ മാനേജ്മെൻറ് അസോസിയേഷനിൽ (എഐഎംഎ) ടിഎംഎ അഫിലിയേറ്റ് ചെയ്തിട്ടുണ്ട്.

കേരളത്തെ ബാധിക്കുന്ന നിർണായക പ്രശ്നങ്ങൾ അഭിസംബോധന ചെയ്യുന്നതിനുള്ള വേദിയായി ട്രിമ 2025 മാറും. മാനേജ്മെൻറ്–വ്യവസായ പ്രമുഖർ, നയരൂപീകരണ–അക്കാദമിക് വിദഗ്ധർ എന്നിവർ സമ്മേളനത്തിൽ പങ്കെടുക്കും. ദ്രുത സാങ്കേതിക മാറ്റങ്ങൾ സ്വീകരിക്കുന്നതിനും നവീകരണവും സംരംഭകത്വവും വളർത്തുന്നതിനും നിർണായക സാമൂഹിക വെല്ലുവിളികളെ അഭിസംബോധന ചെയ്യുന്നതിനുമുള്ള കാഴ്ചപ്പാടുകളുടെ പ്രാധാന്യം പരിപാടി മുന്നോട്ടുവയ്ക്കും.

'ഊർജ്ജസ്വലമായ നേതൃത്വത്തിനായി മാറ്റങ്ങളെയും നവീകരണത്തെയും സ്വീകരിക്കൽ', 'ടെക് ഡിസ്റപ്റ്റേഴ്സ് ആൻഡ് ഡിജിറ്റൽ എവല്യൂഷൻ: എഐ, ഓട്ടോമേഷൻ ആൻഡ് ഇൻഡസ്ട്രി 4.0', 'സാമൂഹ്യ ക്ഷേമം സാധ്യമാക്കുന്നതിനായുള്ള വെല്ലുവിളികളെ അഭിസംബോധന ചെയ്യൽ', 'ആഗോള വെല്ലുവിളികൾ അഭിസംബോധന ചെയ്യുന്നതിൽ വിദ്യാഭ്യാസത്തിൻറെ പങ്ക്', 'ഇറ്റ്സ് ആൾ എബൗട്ട് ഇന്നൊവേഷൻ സക്സസ് ആൻഡ് ഗ്രോത്ത്' എന്നിവ ട്രിമ 2025 ലെ പ്രധാന സെഷനുകളിൽ ഉൾപ്പെടുന്നു. വ്യവസായ സമൂഹത്തിൻറെ അഭിപ്രായങ്ങളെ അടിസ്ഥാനമാക്കിയാണ് ചർച്ചയ്ക്കായുള്ള പ്രധാന വിഷയങ്ങൾ തിരഞ്ഞെടുത്തത്. വിവിധ മേഖലകളിലുമുള്ള സംഘടനകൾക്ക് സമ്മേളനം ആകർഷകവും പ്രയോജനകരവുമാകാൻ ഇത് സഹായിക്കും.

ശാസ്ത്രം, മാനേജ്മെൻറ്, സാങ്കേതികവിദ്യ, സാമൂഹിക വികസനം എന്നിവ തമ്മിലുള്ള വൈജ്ഞാനിക കൈമാറ്റത്തിനുള്ള വേദിയായി ട്രിമ 2025 മാറും. വ്യവസായ പ്രമുഖർ, നയരൂപകർത്താക്കൾ, ഇന്നൊവേറ്റേഴ്സ് തുടങ്ങിയവർ പ്രതിനിധികളുമായി കാഴ്ചപ്പാടുകൾ പങ്കുവയ്ക്കും. നവീകരണവും സാമൂഹിക ഉത്തരവാദിത്തവും പ്രയോജനപ്പെടുത്തുന്നതിന് ഇത് പ്രതിനിധികളെ സഹായിക്കും.

ഓൺലൈൻ രജിസ്ട്രേഷനും വിശദാംശങ്ങൾക്കും: https://trima.conferenceprime.com/auth/register

സമ്മേളനത്തിൻറെ ഭാഗമായി കമ്പനികളിൽ നിന്നും കോർപ്പറേറ്റുകളിൽ നിന്നും ടിഎംഎ–സിഎസ്ആർ അവാർഡിനും, സ്റ്റാർട്ടപ്പുകളിൽ നിന്ന് ടിഎംഎഅദാനി സ്റ്റാർട്ടപ്പ് അവാർഡിനും അപേക്ഷ ക്ഷണിച്ചിരുന്നു.

# പരശുവയ്ക്കൽ ഗവ. എൽ.പി സ്കൂളിൽ ശുദ്ധജലം ഉറപ്പാക്കണം: ബാലാവകാശ കമ്മിഷൻ

പരശുവയ്ക്കൽ ഗവ. എൽ.പി സ്കൂളിലെ കിണർ അടിയന്തരമായി ശുദ്ധീകരിച്ച് കുട്ടികൾക്ക് ശുദ്ധജലം ലഭ്യമാക്കണമെന്ന് ബാലാവകാശ കമ്മിഷൻ ഉത്തരവായി. കിണറിൽ മോട്ടർ ഘടിപ്പിച്ച് കുട്ടികൾക്ക് എല്ലാ ദിവസവും ഗുണമേന്മയുള്ള ജലം ലഭ്യമാക്കാൻ പാറശ്ശാല ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് ബാലാവകാശ കമ്മിഷൻ അംഗം ഡോ. എഫ്. വിൽസൺ നിർദ്ദേശം നൽകി. ഇതിൽ വീഴ്ച വരുത്തുന്ന പക്ഷം തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി പഞ്ചായത്ത് സെക്രട്ടറിക്കെതിരെ നടപടി സ്വീകരിക്കേണ്ടതാണ്.ഗുണമേന്മ ഉറപ്പുവരുത്താതെ അയൽവീടുകളിൽ നിന്നും ജലം ശേഖരിച്ച് പാചകത്തിനുൾപ്പെടയുള്ള ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നത് കുട്ടികളിൽ ഗുരുതര ആരോഗ്യ പ്രശ്നങ്ങൾക്കിടയാക്കും. അധ്യായന വർഷ ആരംഭത്തിൽ വിദ്യാഭ്യാസ വകുപ്പ് നടത്തിയ പരിശോധനയിൽ കുട്ടികൾക്ക് മുടക്കമില്ലാതെ ശുദ്ധജലം ലഭിക്കുന്നുവെന്ന് ഉറപ്പാക്കാൻ കഴിഞ്ഞിട്ടില്ല. കുട്ടികൾക്ക് പ്രാഥമികമായി ലഭിക്കേണ്ട ഗുണമേന്മയുള്ള കുടിവെള്ളം ലഭ്യമാക്കുന്നതിൽ ബന്ധപ്പെട്ട എല്ലാ അധികൃതർക്കും വീഴ്ച സംഭവിച്ചത് കമ്മിഷൻ വളരെ ഗൗരവകരമായി കാണുന്നു. 2005 ലെ ബാലാവകാശങ്ങൾ സംരക്ഷിക്കുന്നതിനു വേണ്ടിയുള്ള കമ്മിഷനുകൾ ആക്റ്റിലെ 15–ാം വകുപ്പ് പ്രകാരം ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ, വിദ്യാഭ്യാസ ഉപ ഡയറക്ടർ, ഗ്രാമപഞ്ചായത്ത് സെക്രട്ടറി, തദ്ദേശ സ്വയംഭരണ പ്രിൻസിപ്പൽ സെക്രട്ടറി എന്നിവർ ഇതിന്മേൽ നടപടി സ്വീകരിക്കണം.

പരശുവയ്ക്കൽ ഗവ. എൽ.പി സ്കൂളിൽ പ്രീകെജി മുതൽ നാലാം ക്ലാസ് വരെ 127 കുട്ടികളാണ് പഠിക്കുന്നത്. കുട്ടികൾക്കും അധ്യാപകർക്കും, ജീവനക്കാർക്കും ആഴ്ചയിൽ 2 ദിവസമേ കുടിവെള്ളം ലഭിക്കുന്നുള്ളു. സ്കൂളിലെ പാചകത്തിനും ടോയ്ലെറ്റ് ആവശ്യത്തിനും ജലത്തിന്റെ ദൗർലഭ്യമുണ്ട്. ഭുഗർഭ ജലവിഭവ വകുപ്പ് സ്കൂളിന് കിണർ കുഴിച്ചെങ്കിലും ടാങ്ക് പൈപ്പ് കണക്ഷൻ, മോട്ടർ എന്നിവ ഘടിപ്പിച്ചിട്ടില്ല ഇക്കാര്യങ്ങൾ പരാമർശിച്ച് പി.ടി.എ പ്രസിഡന്റ് ഷീജ കമ്മിഷന് സമർപ്പിച്ച പരാതിയിന്മേലാണ് ഉത്തരവ്. ഉത്തരവിന്മേൽ സ്വീകരിച്ച നടപടി റിപ്പോർട്ട് 2012 ലെ ബാലാവകാശ സംരക്ഷണ കമ്മിഷൻ ചട്ടങ്ങളിലെ, ചട്ടം 45 പ്രകാരം 15 ദിവസത്തിനകം ബന്ധപ്പെട്ട ഉദ്യോഗസ്ഥർ കമ്മിഷന് നൽകണം.

# ഇന്ത്യയിലെ മുൻനിര നിർമാണകമ്പനികളിലേക്ക് എൻജിനിയർ:ജൂലൈ 30 വരെ അപേക്ഷിക്കാം

സർക്കാർ സ്ഥാപനമായ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫ്രാസ്ട്രക്ചർ ആൻഡ് കൺസ്ട്രക്ഷൻ (ഐ ഐ ഐ സി)ഇന്ത്യയിലെ മുൻനിര നിർമാണ കമ്പനികളിലേക്ക്എൻജിനിയർമാരുടെ റിക്രൂട്ട്മെന്റ് നടത്തുന്നു. ജൂലൈ 30 വരെ അപേക്ഷിക്കാം.

ഐ ഐ ഐ സി യിലെ ഹയർ ട്രെയിൻ ഡിപ്ലോയ് പരിശീലനത്തിൽ രജിസ്റ്റർ ചെയ്യുന്ന ബിടെക് സിവിൽ,ഇലക്ട്രിക്കൽ, മെക്കാനിക്കൽ,ബിരുദധാരികൾക്കും, തത്തുല്യ ബിരുദധാരികൾക്കുംഈ ഒഴിവുകളിലേക്ക് അപേക്ഷിക്കാം. രജിസ്റ്റർ ചെയ്തവർക്ക് ഐ ഐ ഐ സി നടത്തുന്ന ആപ്റ്റിറ്റ്യൂഡ് ടെസ്റ്റ് ഇൻ എൻജിനിയറിങ് പരീക്ഷ എഴുതണം. പരീക്ഷ,ഗ്രൂപ്പ് ഡിസ്കഷൻ, അഭിമുഖം എന്നിവ വിജയിക്കുന്ന ഇരുന്നൂറുപേർക്ക് കമ്പനി ജോലിക്കുള്ള ക്ഷണം ലഭിക്കും. തെരഞ്ഞെടുക്കപ്പെടുന്നവർ ആറു മാസത്തെയോ,ഒരു വർഷത്തെയോ പരിശീലനം ഐ ഐ ഐ സി യിൽ പൂർത്തീകരിക്കണം. പരിശീലന ഫീസ് കമ്പനി വഹിക്കും. ഈ പരിശീലന കാലയളവിൽ 15000 ൽ കുറയാത്ത തുക സ്റ്റൈപ്പെൻഡ് ആയി ലഭിക്കും. പരിശീലനത്തിന് ശേഷം കമ്പനിയുടെ തൊഴിലിടങ്ങളിലേക്ക് വിന്യസിക്കപ്പെടും.

ബിടെക് സിവിൽ/ഇലക്ട്രിക്കൽ/മെക്കാനിക്കൽ വിജയിച്ചവർക്കും, തത്തുല്യ ബിരുദധാരികൾക്കും ഐ ഐ ഐ സി യുടെ വെബ്സൈറ്റിലെ അഡ്മിഷൻ ടാബിലൂടെ ഹയർ ട്രെയിൻ ഡിപ്ലോയ് സ്കീമിൽ അപേക്ഷ സമർപ്പിക്കാം.പ്രായ പരിധി 24 വയസ് (അപേക്ഷകർ 2001 ജൂൺ 1 നോ ശേഷമോ ജനിച്ചവർ ആയിരിക്കണം).

ഐ ഐ ഐ സി നടത്തുന്ന ആപ്റ്റിറ്റ്യൂഡ് ടെസ്റ്റ് ഇൻ എൻജിനിയറിങ് പാസായിട്ടും ഓഉ സ്കീമിൽ തെരെഞ്ഞെടുക്കപ്പെടാത്തവർക്ക് ഐ ഐ ഐ സി യുടെ റെഗുലർ പരിശീലനങ്ങളിൽ അപേക്ഷ സമർപ്പിക്കാം.റെഗുലർ പരിശീലനങ്ങളിൽ പരിശീലന ഫീസ് വിദ്യാർഥി വഹിക്കണം. പരിശീലനത്തിന് ശേഷം ഇന്ത്യയിലെ വൻകിട നിർമാണ കമ്പനികളിൽ അതത് മേഖലകളിൽ ജോലി ലഭിക്കും. അപേക്ഷ ഓൺലൈൻ ആയി സമർപ്പിക്കാൻ ാാം.ശശശര.മര.ശിസന്ദർശിക്കുക.അപേക്ഷാഫീസ് 600 രൂപ.വിശദവിവരങ്ങൾക്ക്: www.iiic.ac.in, 8078980000.

# കേരള നോളജ് ഇക്കോണമി മിഷൻ: നൈപുണ്യ പരിശീലന പ്രോഗ്രാമുകളുടെ കലണ്ടർ പ്രസിദ്ധീകരിച്ചു

കേരള സർക്കാർ സ്ഥാപനമായ കേരള നോളജ് ഇക്കോണമി മിഷൻതൊഴിലധിഷ്ഠിത നൈപുണ്യ പരിശീലന പ്രോഗ്രാമുകളുടെ ജൂലൈ മാസത്തെ ട്രെയിനിംഗ് കലണ്ടർ പ്രസിദ്ധീകരിച്ചു. ഡിജിറ്റൽ വർക്ക്ഫോഴ്സ് മാനേജ്മെന്റ് സിസ്റ്റത്തിലൂടെ (DWMS) പുതുതലമുറ വിജ്ഞാന തൊഴിലുകളിലേക്ക് പ്രവേശിക്കാനുള്ള അവസരമാണ് പരിശീലന പ്രോഗ്രാമിലൂടെ ലഭിക്കുന്നത്. ഡി ഡബ്ല്യു എം എസ് പോർട്ടൽ ഒരു തൊഴിലധിഷ്ഠിത പ്ലാറ്റ്ഫോമായതുകൊണ്ട് തന്നെ തൊഴിലവസരങ്ങൾക്ക് അപേക്ഷിക്കാനും അവശ്യമായ നൈപുണ്യ വികസന കോഴ്സുകളിൽ പങ്കെടുക്കാനും കഴിയും.

വിജയകരമായി നൈപുണ്യ പരിശീലനം പൂർത്തിയാക്കുന്നവർക്ക് സർക്കാർ–സ്വകാര്യ മേഖലയിലെ വിവിധ പരിശീലന പങ്കാളികളുടെ പിന്തുണയോടെയുള്ള തൊഴിലുകളിലേക്ക് അവസരം ലഭിക്കും.ഹെൽത്ത് കെയർ, മീഡിയ &എന്റർടൈൻമെന്റ്, മൊബൈൽ &വെബ് ഡെവലപ്മെന്റ്, സോഫ്റ്റ്‌വെയർ ഡെവലപ്മെന്റ് &ടെസ്റ്റിംഗ്, ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, ഐടി &ക്ലൗഡ് കമ്പ്യൂട്ടിങ്, സിവിൽ ആൻഡ് ഡിസൈൻ, ഡാറ്റ സയൻസ് &മെഷീൻ ലേണിംഗ് തുടങ്ങി വിവിധ പരിശീലന മേഖലകളിൽ കോഴ്സുകൾ ലഭ്യമാണ്.'DWMS Connect App ഡൗൺലോഡ്ചെയ്തോ ഉണങ്ങട പോർട്ടൽ വഴിയോ രജിസ്റ്റർ ചെയ്യാം.നിങ്ങളുടെ username and password ഉപയോഗിച്ച് Login ചെയ്യുക.നിങ്ങളുടെ അക്കൗണ്ട് ഇല്ലെങ്കിൽ, ലോഗിൻ പേജിലെ 'Sign Up' ലിങ്ക് വഴി രജിസ്റ്റർ ചെയ്യാം. Login ചെയ്തശേഷം Skill Development Programs എന്ന മേയ ലെ Proceed ക്ലിക്ക് ചെയ്യുക.സ്കിൽ കാറ്റലോഗിൽ നിന്നുംതാൽപര്യമുള്ള പ്രോഗ്രാമുകളിലേക്ക് അപേക്ഷിക്കാം. ജൂലൈ 30 നകം രജിസ്റ്റർ ചെയ്യണം.

# സ്പോട്ട് അഡ്മിഷൻ

പൂജപ്പുര എൽബിഎസ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി ഫോർ വുമണിൽ പോളിടെക്നിക് ഡിപ്ലോമ ലാറ്ററൽ എൻട്രി സ്പോട്ട് അഡ്മിഷൻ നടത്തുന്നു. കമ്പ്യൂട്ടർ സയൻസ് ആൻഡ് എൻജിനിയറിംഗ്, ഇലക്ട്രോണിക്സ് ആൻഡ് കമ്മ്യൂണിക്കേഷൻ എൻജിനിയറിംഗ്, സിവിൽ എൻജിനിയറിംഗ് വിഭാഗങ്ങളിലെ ഒഴിവുള്ള സീറ്റുകളിലാണ് ജൂലൈ 11 രാവിലെ 10 മണിക്ക് പ്രവേശനം നടക്കുക.നിലവിൽ അപേക്ഷ സമർപ്പിച്ചവർക്കുംഇതുവരെ അപേക്ഷകൾ സമർപ്പിക്കാത്തവർക്കും കോളേജിൽ നേരിട്ട് ഹാജരായി അഡ്മിഷൻ നേടാം. ബാക്കി ഉണ്ടായേക്കാവുന്ന ഒഴിവിലേക്ക് ജൂലൈ 15 നു വൈകുന്നേരം നാല് മണിക്ക് മുൻപായി സ്പോട്ട് അഡ്മിഷൻ എടുക്കാം.

പ്രവേശനം ആഗ്രഹിക്കുന്നവർ എല്ലാവിധ അസൽ സർട്ടിഫിക്കറ്റുകളും (SSLC/THSLC/+2/VHSE/NCVT/SCVT/KGCE സർട്ടിഫിക്കറ്റ്, ട്രാൻസ്ഫർ സർട്ടിഫിക്കറ്റ്, കോണ്ടക്ട് സർട്ടിഫിക്കറ്റ്, ജാതി സർട്ടിഫിക്കറ്റ്, വരുമാന സർട്ടിഫിക്കറ്റ്, ക്രീമിലയർ സർട്ടിഫിക്കറ്റ്, ആധാറിന്റെ പകർപ്പ്) ആവശ്യമായ ഫീസ് (ഓൺലൈൻ) എന്നിവ സഹിതം കോളേജിൽ നേരിട്ടു ഹാജരാകണം.എസ്സി/എസ്ടി/ഒഇസി വിഭാഗങ്ങൾക്ക് അർഹമായ ഫീസിളവ് ലഭിക്കും.വിശദ വിവരങ്ങൾക്ക്: 0471–2349232, 9995595456, 9497000337, 9496416041.

# പ്രിൻസിപ്പൽ കൗൺസിലർ അഭിമുഖത്തിനുള്ള യോഗ്യതാ പട്ടിക പ്രസിദ്ധീകരിച്ചു

കേരള ഹൈക്കോടതിയിലെ കുടുംബ കോടതികളിൽ പ്രിൻസിപ്പൽ കൗൺസിലർ തസ്തികയിലേക്കുള്ള നിയമനത്തിനായി ഏപ്രിൽ 27–ന് നടത്തിയ എഴുത്ത് പരീക്ഷയുടെ അടിസ്ഥാനത്തിൽ, അഭിമുഖത്തിന് യോഗ്യത നേടിയ ഉദ്യോഗാർത്ഥികളുടെ പട്ടിക പ്രസിദ്ധീകരിച്ചു. ഹൈക്കോടതിയുടെ ഔദ്യോഗിക റിക്രൂട്ട്മെന്റ് പോർട്ടലായ https://hckrecruitment.keralacourts.in സന്ദർശിച്ച് ഉദ്യോഗാർത്ഥികൾക്ക് പട്ടിക പരിശോധിക്കാം.

യോഗ്യത നേടിയ ഉദ്യോഗാർത്ഥികൾക്ക് അവരുടെ റിക്രൂട്ട്മെന്റ് പ്രൊഫൈലിൽ ലോഗിൻ ചെയ്ത് വ്യക്തിഗത വിവരങ്ങൾ ഉൾപ്പെടെയുള്ള പട്ടിക കാണാനാകും. അഭിമുഖത്തിനുള്ള കോൾ ലെറ്റർ, അഭിമുഖം നടക്കുന്ന തീയതിക്ക് 15 ദിവസം മുമ്പ് അതത് ഉദ്യോഗാർത്ഥികളുടെ പ്രൊഫൈലിൽ ലഭ്യമാക്കും. അഭിമുഖവുമായി ബന്ധപ്പെട്ട കൂടുതൽ നിർദ്ദേശങ്ങളും വിശദാംശങ്ങളും പിന്നീട് പോർട്ടലിൽ പ്രസിദ്ധീകരിക്കും. ഉദ്യോഗാർത്ഥികൾ പോർട്ടൽ സന്ദർശിച്ച് കോൾ ലെറ്റർ സമയബന്ധിതമായി ഡൗൺലോഡ് ചെയ്യണം.

# പരീക്ഷാ ടൈംടേബിൾ പ്രസിദ്ധീകരിച്ചു

ആഗസ്റ്റ് 12 ന് ആരംഭിക്കുന്ന സർട്ടിഫിക്കറ്റ് കോഴ്സ് ഇൻ ഫാർമസി സി സി പി (ഹോമിയോ) റഗുലർ / സപ്ലിമെന്ററി പരീക്ഷയുടെ വിജ്ഞാപനവും ടൈം ടേബിളും www.ghmct.org ൽ പ്രസിദ്ധീകരിച്ചു.

# രാജ്യത്ത് ആറാമത്: എസ്.എ.ടി.യിൽ പീഡിയാട്രിക് ഗ്യാസ്ട്രോ എൻട്രോളജി ഡിപ്പാർട്ട്മെന്റ്

## പി.ജി. കോഴ്സ് ആരംഭിക്കുന്നതിന് പ്രൊഫസർ തസ്തിക

തിരുവനന്തപുരം മെഡിക്കൽ കോളേജ് എസ്.എ.ടി. ആശുപത്രിയിൽ പീഡിയാട്രിക് ഗ്യാസ്ട്രോ എൻട്രോളജി വിഭാഗത്തിൽ പി.ജി കോഴ്സ് ആരംഭിക്കുന്നതിനായി പ്രൊഫസർ തസ്തിക സൃഷ്ടിക്കാൻ മന്ത്രിസഭായോഗം അനുമതി നൽകിയതായി ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. നിലവിലെ യൂണിറ്റ് വിപുലീകരിച്ച് പീഡിയാട്രിക് ഗ്യാസ്ട്രോ എൻട്രോളജി ഡിപ്പാർട്ട്മെന്റ് ആക്കുന്നതിന്റെ ഭാഗമായാണ് ഈ തസ്തിക സൃഷ്ടിച്ചത്. 93 ലക്ഷം രൂപ ചെലവഴിച്ചുള്ള അത്യാധുനിക എൻഡോസ്കോപ്പി മെഷീൻ എസ്.എ.ടി.യിൽ ഉടൻ സ്ഥാപിക്കും. ഉദര സംബന്ധമായ രോഗങ്ങൾക്ക് ആധുനികവും ഗുണമേന്മയുള്ളതുമായ ചികിത്സ ഉറപ്പാക്കാൻ പുതിയ ഡിപ്പാർട്ട്മെന്റ് ആരംഭിക്കുന്നതോടെ സാധിക്കും. രാജ്യത്ത് ആറാമതും സംസ്ഥാനത്ത് ആദ്യമായുമാണ് സർക്കാർ മേഖലയിൽ എസ്.എ.ടി. ആശുപത്രിയിൽ പീഡിയാട്രിക് ഗ്യാസ്ട്രോഎൻട്രോളജി വിഭാഗം ആരംഭിക്കുന്നത്. പി.ജി. കോഴ്സ് ആരംഭിക്കുന്നത് രാജ്യത്ത് അഞ്ചാമതുമാണ്. കോഴ്സ് ആരംഭിക്കുന്നതോടെ ഈ രംഗത്തെ കൂടുതൽ വിദഗ്ധ ഡോക്ടർമാരെ സൃഷ്ടിക്കാനും സാധിക്കുമെന്നും മന്ത്രി വ്യക്തമാക്കി.

2021ൽ ഈ സർക്കാരിന്റെ കാലത്താണ് എസ്.എ.ടി. ആശുപത്രിയിൽ മികച്ച സൗകര്യമൊരുക്കി പീഡിയാട്രിക് ഗ്യാസ്ട്രോ എൻട്രോളജി യൂണിറ്റ് ആരംഭിച്ചത്. കുട്ടികളിലെ ഉദര സംബന്ധമായ അസുഖങ്ങൾ വർദ്ധിച്ചു വരുന്ന സാഹചര്യത്തിലാണ് കുട്ടികളുടെ ദഹനാരോഗ്യത്തിനായി സമഗ്രമായ പീഡിയാട്രിക് ഗ്യാസ്ട്രോഎൻട്രോളജി വിഭാഗത്തിന്റെ സേവനങ്ങൾ വിപുലീകരിച്ച് പ്രത്യേക ഡിപ്പാർട്ട്മെന്റാക്കുന്നത്. നവജാത ശിശുക്കൾ മുതൽ കൗമാരക്കാർ വരെയുള്ള കുട്ടികളിൽ കണ്ടുവരുന്ന ദഹനവ്യവസ്ഥയുമായി ബന്ധപ്പെട്ട എല്ലാ രോഗങ്ങൾക്കും ആധുനികവും ഫലപ്രദവുമായ ചികിത്സ ലഭ്യമാക്കുക എന്നതാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്. എസ്.എ.ടി. ആശുപത്രിയിൽ ഈ സേവനം ആരംഭിച്ച് ഇതുവരെ 27000ലധികം കുട്ടികൾക്ക് ചികിത്സ നൽകാനായി.കുട്ടികളിലെ ഉദര സംബന്ധമായ രോഗങ്ങൾ, കരൾ, പിത്താശയം, പാൻക്രിയാസ് സംബന്ധമായ രോഗങ്ങളാണ് ഈ വിഭാഗത്തിൽ ചികിത്സിക്കുന്നത്. കുട്ടികളിലെ വയറുവേദന, വിട്ടുമാറാത്ത അതിസാരം, മലബന്ധം, ഛർദ്ദി, ഭക്ഷണം കഴിക്കാനുള്ള ബുദ്ധിമുട്ടുകൾ, ആസിഡ് റിഫ്ലക്സ്, ഭക്ഷണ അലർജികൾ, വളർച്ചാക്കുറവ്, കരൾ രോഗങ്ങൾ, ഐബിഡി (ഇൻഫ്ളമേറ്ററി ബവൽ ഡിസീസ്) തുടങ്ങിയ അവസ്ഥകൾക്ക് പ്രത്യേക പരിചരണം ഈ വിഭാഗത്തിൽ നൽകുന്നു. ഏറ്റവും പുതിയ സാങ്കേതികവിദ്യകളും, പരിചയസമ്പന്നരായ ഡോക്ടർമാരുടെയും നഴ്സുമാരുടെയും ഒരു മൾട്ടി ഡിസിപ്ലിനറി ടീമാണ് ഈ വിഭാഗത്തിൽ പ്രവർത്തിക്കുന്നത്.

# റേഡിയോഗ്രാഫർ അഭിമുഖം

കുമ്പളങ്ങി സാമൂഹികാരോഗ്യകേന്ദ്രത്തിലേക്ക് ആശുപത്രി മാനേജ്മെന്റ് കമ്മിറ്റി മുഖേന കരാർ വ്യവസ്ഥയിൽ റേഡിയോഗ്രാഫർ തസ്തികയിൽ താൽക്കാലിക നിയമനത്തിന് ജൂലൈ 16ന് രാവിലെ 11.30 അഭിമുഖം നടക്കും. ഡി.ആർ.ടി/ ബി.എം.ആർ.ടി വിജയവും കേരള പാരമെഡിക്കൽ കൗൺസിൽ രജിസ്ട്രേഷനുമാണ് യോഗ്യത. താൽപ്പര്യമുള്ളവർ അന്നേദിവസം യോഗ്യത തെളിയിക്കുന്ന രേഖകളുടെ അസ്സൽ, പകർപ്പ്, ബയോഡേറ്റ എന്നിവ സഹിതം കുമ്പളങ്ങി സാമൂഹികാരോഗ്യ കേന്ദ്രത്തിലെ മെഡിക്കൽ ഓഫീസർ ഇൻ ചാർജ്ജിന്റെ ഓഫീസിൽ ഹാജരാകണം. കൂടുതൽ വിവരങ്ങൾക്ക്: 0484 2240472.

# ക്ഷീര വികസന വകുപ്പ് വാർഷിക പദ്ധതി അപേക്ഷ ക്ഷണിച്ചു

ക്ഷീര വികസന വകുപ്പിന്റെ 2025–26 സാമ്പത്തിക വർഷത്തിലെ വിവിധ പദ്ധതികൾ നടപ്പിലാക്കാൻ താൽപര്യമുള്ളവരിൽനിന്ന് ഓൺലൈനായി അപേക്ഷകൾ ക്ഷണിച്ചു.ജൂലായ് മാസം 3 മുതൽ 20 വരെ www.ksheerasree.kerala.gov.in പോർട്ടൽ മുഖേന രജിസ്റ്റർ ചെയ്ത് അപേക്ഷ സമർപ്പിക്കാം. പുൽകൃഷി വികസനം, മിൽക്ക് ഷെഡ് വികസനം, ഡയറി ഫാം ഹൈജീൻ മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതി തുടങ്ങിയ പദ്ധതികൾക്കാണ് അപേക്ഷ ക്ഷണിച്ചിട്ടുള്ളത്.കൂടുതൽ വിവരങ്ങൾക്ക് ബ്ലോക്ക് തലത്തിൽ പ്രവർത്തിക്കുന്ന ക്ഷീര വികസന യൂണിറ്റുമായി ബന്ധപ്പെടണം.

## ഹേമചന്ദ്രൻറേത് കൊലപാതകമല്ല, ആത്മഹത്യ; ഫേസ്ബുക്ക് വീഡിയോയുമായി മുഖ്യപ്രതി നൗഷാദ്

വയനാട്: സുൽത്താൻ ബത്തേരി സ്വദേശി ഹേമചന്ദ്രന്റെ കൊലപാതകത്തിൽ പ്രതികരണവുമായി

മുഖ്യപ്രതി നൗഷാദ്. ഹേമചന്ദ്രൻറേത് കൊലപാതകമല്ല ആത്മഹത്യ ചെയ്യുകയായിരുന്നെന്നാണ് ഫേസ്ബുക്ക് വീഡിയോയിലൂടെയുള്ള പ്രതികരണം.

ആത്മഹത്യ ചെയ്ത നിലയിൽ കണ്ടെത്തിയപ്പോൾ മറവ് ചെയ്യുകയല്ലാതെ മറ്റ് വഴികൾ ഇല്ലായിരുന്നുവെന്നും പ്രതി. സൗദി അറേബ്യയിൽ നിന്ന് തിരിച്ചുവന്ന് പോലീസിൽ കീഴടങ്ങുമെന്നും നൗഷാദ് വ്യക്തമാക്കി.

താൻ എങ്ങോട്ടും ഒളിച്ചോടിയിട്ടില്ല. രണ്ട് മാസത്തെ വിസിറ്റിംഗ് വിസയിൽ സൗദിയിൽ എത്തിയതാണ്. സൗദിയിൽ നിന്ന് വന്ന് കഴിഞ്ഞാൽ ഉടൻ കീഴടങ്ങുമെന്നും ഇയാൾ പറഞ്ഞു.

മുപ്പതോളം പേർക്ക് ഹേമചന്ദ്രൻ പണം നൽകാനുണ്ട്. എഗ്രിമെൻറ് തയാറാക്കിയ ശേഷം ഹേമചന്ദ്രനെ വീട്ടിലേക്ക് അയച്ചതാണ്. എന്നാൽ ഹേമചന്ദ്രൻ തിരിച്ചെത്തി മൈസൂരിൽ നിന്ന് പൈസ കിട്ടാനുണ്ട് എന്ന് പറഞ്ഞു. ഒരു ദിവസം കൂടി വീട്ടിൽ കിടക്കാൻ അനുവാദിക്കുകയും ഭക്ഷണം വാങ്ങി കൊടുക്കുകയും ചെയ്തിരുന്നു.

എന്നാൽ രാവിലെ ജീവനൊടുക്കിയ നിലയിൽ കണ്ടെത്തുകയായിരുന്നു. മൃതദേഹം കണ്ടപ്പോൾ എന്തു ചെയ്യണം എന്നറിയാതെ സുഹൃത്തുക്കളെ വിളിച്ചു. കുഴിച്ചിടുക അല്ലാതെ മറ്റു വഴിയില്ല എന്ന് അവർ പറഞ്ഞു. അങ്ങനെയാണ് മൂന്നുപേരും ചേർന്ന് കുഴിച്ചിട്ടതെന്നും നൗഷാദ് പറഞ്ഞു.

## ചെറിയ പ്രശ്നങ്ങളെ പർവതീകരിക്കുന്നു; ഡോ. ഹാരിസിനെ തള്ളി സിപിഎം

കൊച്ചി: തിരുവനന്തപുരം മെഡിക്കൽ കോളജിലെ യൂറോളജി വിഭാഗം മേധാവി ഡോ. ഹാരിസിനെ തള്ളി സിപിഎം. ഡോ. ഹാരിസിൻറേത് പ്രതിപക്ഷത്തിന് ആയുധം നൽകുന്ന പരാമർശമെന്ന് സിപിഎം സംസ്ഥാന സെക്രട്ടറി എം. വി. ഗോവിന്ദൻ പ്രതികരിച്ചു. കോവിഡ് സമയത്ത് ലോകം തന്നെ പ്രശംസിച്ച ആരോഗ്യസംവിധാനമാണ് കേരളത്തിന്റേത്. എവിടെയെങ്കിലും ഒരു ചെറിയ പ്രശ്നമുണ്ടാകുമ്പോൾ അതിനെ പർവതീകരിച്ചുകാണിക്കുന്ന മാനസികാവസ്ഥയാണ് ഇത്.

ആരോഗ്യരംഗം പൂർണമായി തകർന്നെന്ന് പ്രചരിപ്പിക്കുന്നു. മാധ്യമങ്ങൾ നിഷേധാത്മകമായ സമീപനമാണ് സ്വീകരിക്കുന്നത്. പ്രതിപക്ഷവും മാധ്യമങ്ങളും ഇതിൽനിന്ന് പിന്തിരിയണമെന്നും ഗോവിന്ദൻ പറഞ്ഞു. അതേസമയം മുഖ്യമന്ത്രിയുടെ കുറ്റപ്പെടുത്തലിൽ വിഷമമില്ലെന്ന് ഡോ. ഹാരിസ് പ്രതികരിച്ചു. താൻ വിമർശിച്ചത് സർക്കാരിനെയോ മന്ത്രിസഭയെയോ അല്ലെന്ന് അദ്ദേഹം പറഞ്ഞു.

ബ്യൂറോക്രസിയുടെ മെല്ലെപ്പോക്കിനെതിരെയാണ് പ്രതികരിച്ചത്. മുഖ്യമന്ത്രി തനിക്ക് ഗുരുതുല്യനാണ്.

വേറെ മാർഗമില്ലാതായപ്പോഴാണ് പ്രഫഷണൽ സൂയിസൈഡ് വേണ്ടിവന്നത്. ശിക്ഷാനടപടി ഉണ്ടാകുമെന്ന് ഉറപ്പായിരുന്നു. തനിക്കെതിരേ കുറ്റപ്പെടുത്തലും നടപടിയും ഉണ്ടായാലും നിലപാടിൽ തുടരുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

## അമ്മയുടെ കൺമുന്നിൽവച്ച് സ്കൂൾ ബസിടിച്ച് അപകടം; ആറ് വയസുകാരൻ മരിച്ചു

പാലക്കാട്: അമ്മയുടെ കൺമുന്നിൽവച്ച് സ്കൂൾ ബസിടിച്ച് ആറ് വയസുകാരൻ മരിച്ചു. പട്ടാമ്പി പുലശേരിക്കര സ്വദേശി കാമികം കൃഷ്ണകുമാറിന്റെ മകൻ ആരവ് ആണ് മരിച്ചത്. ചൊവ്വാഴ്ച വൈകുന്നേരമാണ് സംഭവം. വാഹനത്തിൽ നിന്നും വീടിന് മുന്നിൽ ഇറങ്ങിയ ആരവ് അമ്മയുടെ കൈയിൽനിന്ന് പിടിവിട്ട് ഓടുകയും ഈ സമയം റോഡിലൂടെ വന്ന മറ്റൊരു സ്കൂളിന്റെ വാഹനം കുട്ടിയെ ഇടിക്കുകയുമായിരുന്നു.

പരിക്കേറ്റ ആരവിനെ ഉടനെ പട്ടാമ്പിയിലെ സ്വകാര്യ ആശുപത്രിയിലും തുടർന്ന് പെരിന്തൽമണ്ണയിലെ സ്വകാര്യ ആശുപത്രിയിലും പ്രവേശിപ്പിച്ചെങ്കിലും ഇന്ന് രാവിലെയോടെ മരണം സ്ഥിരീകരിക്കുകയായിരുന്നു.

കൃഷ്ണകുമാർ ശ്രീദേവി ദമ്പതികളുടെ ഏക മകനാണ് ആരവ്. വാടാനംകുറുശി സ്കൂളിലെ രണ്ടാം ക്ലാസ് വിദ്യാർഥിയായിരുന്നു.

## വെട്ടുകത്തിയുമായി യുവതിയുടെ വീട്ടിൽ അതിക്രമിച്ച് കയറി ഭീഷണിപ്പെടുത്തി; പ്രതി അറസ്റ്റിൽ

തൃശൂർ: പെരിഞ്ഞനത്ത് വെട്ടുകത്തിയുമായി യുവതിയുടെ വീട്ടിൽ അതിക്രമിച്ച് കയറി ഭീകരാന്തരീക്ഷം സൃഷ്ടിച്ച കേസിലെ പ്രതി അറസ്റ്റിൽ. പെരിഞ്ഞനം സ്വദേശി കിഴക്കേവളപ്പിൽ വീട്ടിൽ മനോജ് (45) ആണ് അറസ്റ്റിലായത്. കയ്പമംഗലം പോലീസാണ് മനോജിനെ അറസ്റ്റ് ചെയ്തത്.

പെരിഞ്ഞനം സമിതി സ്വദേശിയായ യുവതിയുടെ വീട്ടിലാണ് മനോജ് വെട്ടുകത്തിയുമായി അതിക്രമിച്ചു കയറി ഭീഷണിപ്പെടുത്തുകയും വെട്ടുകത്തി വീശി ഭികരാന്തരീക്ഷം സൃഷ്ടിക്കുകയും ചെയ്തത്. മനോജിന്റെ പേരിൽ കൊടുങ്ങല്ലൂർ. ചാവക്കാട്, മതിലകം, അന്തിക്കാട്, കൈപ്പമംഗലം, തൃശ്ശൂർ വെസ്റ്റ്, ഷൊർണ്ണൂർ എന്നീ പോലീസ് സ്റ്റേഷനുകളിലായി നിരവധി കേസുകളുണ്ട്.

സ്ത്രീകൾക്കെതിരെയുള്ള അതിക്രമം, വീട്ടിൽ അതിക്രമിച്ച് കയറി സ്ത്രിയെ ലൈംഗീകമായ പീഡിപ്പിക്കാൻ ശ്രമിക്കൽ, അടിപിടി, അശ്രദ്ധമായി വാഹനമോടിച്ചതിൽ ഒരാൾ മരണപ്പെടുക, മദ്യലഹരിയിൽ പൊതുസ്ഥത്ത് ശല്യം സൃഷ്ടിക്കുക തുടങ്ങിയ 23 ക്രമിനൽ കേസുകളാണ് മനോജിനെതിരെ ഉള്ളത്.

കൈപ്പമംഗലം പോലീസ് സ്റ്റേഷൻ ഇൻസ്പെക്ടർ കെ. ആർ. ബിജു. സബ് ഇൻസ്പെക്ടർമാരായ ഹരിഹരൻ, ജയ്സൺ സീനിയർ സിവിൽ പോലീസ് ഓഫീസർമാരായ ജ്യോതിഷ്, ഗിൽബർട്ട്, സിവിൽ പോലീസ് ഓഫീസർമാരായ ഡെൻസ് മോൻ, ഷിജു എന്നിവരാണ് അന്വേഷണ സംഘത്തിലുണ്ടായിരുന്നത്.

## കോഴിക്കോട്ട് വീട്ടമ്മയുടെ മാല പൊട്ടിച്ച് കടന്നു കളഞ്ഞ മോഷ്ടാക്കൾ പിടിയിൽ

കോഴിക്കോട്: ഫറോക്കിൽ വീട്ടമ്മയുടെ മാല പൊട്ടിച്ച് കടന്നു കളഞ്ഞ കുപ്രസിദ്ധ മോഷ്ടാക്കൾ പിടിയിൽ. തിരൂർ ആതവനാട് സ്വദേശി അനൂപ് സൽമാൻ, ആലുവ മാറമ്പള്ളി സ്വദേശി ശ്രീക്കുട്ടൻ എന്നിവരാണ് പിടിയിലായത്.

ഫറോക്ക് പോലീസും സിറ്റി ക്രൈംസ്ക്വാഡും ചേർന്ന് തിരൂർ റയിൽവേ സ്റ്റേഷനിൽ വച്ചാണ് ഇരുവരേയും പിടികൂടിയത്. കഞ്ചാവ് കൊണ്ടുവരാനായി ഒഡീഷക്ക് പോകാൻ ഇരുവരും തിരൂർ റയിൽവേ സ്റ്റേഷനിലെത്തിയപ്പോഴായിരുന്നു അറസ്റ്റ്. കഴിഞ്ഞ ജൂൺ 9ന് തൃക്കാക്കര സ്റ്റേഷൻ പരിധിയിൽ മാല മോഷണശ്രമം നടന്നു. സ്ത്രീ വീണുപോയതിനാൽ സ്കൂട്ടറിലെത്തിയ രണ്ടു പേർക്കും മാല പൊട്ടിക്കാൻ കഴിഞ്ഞില്ല. കോഴിക്കോട് ഫറോക്ക് മുതുവാട്ടുപാറയിൽ വെച്ച് കഴിഞ്ഞയാഴ്ച വീട്ടമ്മയുടെ സ്വർണ്ണ മാല പൊട്ടിച്ച് കടന്നു കളഞ്ഞ രണ്ടു പേരെ കുറിച്ച് അന്വേഷണം നടത്തിയ പോലീസാണ് ഇതേ സംഘമാണ് തൃക്കാക്കരയിലും പിടിച്ചു പറി ശ്രമം നടത്തിയതെന്ന് കണ്ടെത്തിയത്. സി സി ടിവി ദൃശ്യങ്ങൾ കേന്ദ്രീകരിച്ചുള്ള അന്വേഷണമാണ് പോലീസിനെ പ്രതികളിലേക്ക് എത്തിച്ചത്. തൃശൂരിൽ നിന്നും മോഷ്ടിച്ച സ്കൂട്ടറിലാണ് കവർച്ച നടത്തിയതെന്ന് വ്യക്തമായതോടെ അന്വേഷണം മറ്റു ജില്ലകളിലേക്കും വ്യാപിപ്പിച്ചു.

കുപ്രസിദ്ധ കവർച്ചക്കാരായ അനൂപ് സൽമാനും ശ്രീക്കുട്ടനുമാണ് കവർച്ച നടത്തിയതെന്ന് അന്വേഷണത്തിൽ കണ്ടെത്തി. പിന്നാലെ ഇരുവരേയും പിടികൂടാനുള്ള ശ്രമം തുടങ്ങി.

ഒഡീഷയിൽ നിന്നും കഞ്ചാവെത്തിക്കാനായി തിരൂർ റെയിൽ വേ സ്റ്റേഷനിൽ ട്രെയിൻ കാത്തുനിൽക്കുമ്പോഴാണ് ഇരുവർക്കും പിടിവീണത്. ഫറോക്ക് അസിസ്ററൻറ് കമ്മീഷർ എ. എം. സിദ്ധിഖിന്റെ നേതൃത്വത്തിൽ സിറ്റി ക്രൈംസ്ക്വാഡും ഫറോക്ക് പോലീസും ചേർന്നാണ് ഇരുവരേയും പിടികൂടിയത്.

## കോന്നി ആനക്കൂട്ടിലെ കുട്ടിയാന കൊച്ചയ്യപ്പൻ ചരിഞ്ഞു

പത്തനംതിട്ട: കോന്നി ആനക്കൂട്ടിലെ കുട്ടിയാന കൊച്ചയ്യപ്പൻ ചരിഞ്ഞു. ഇന്നു പുലർച്ചെയാണ് ആന ചരിഞ്ഞത്. അഞ്ചുവയസുള്ള ആന പെട്ടെന്ന് ചരിയുകയായിരുന്നുവെന്ന് പറയുന്നു. ആനക്കൂട്ടിൽ കുറുമ്പുകാട്ടി സഞ്ചാരികളെ ആകർഷിക്കുന്ന ആനയായിരുന്നു കൊച്ചയ്യപ്പൻ. ശബരിമലക്കാടുകളിൽ നിന്നു ലഭിച്ച കുട്ടിയാനയാണിത്.

ആന പെട്ടെന്നു ചരിയാനിടയായ സാഹചര്യത്തെക്കുറിച്ച് അന്വേഷിക്കുമെന്നു വനം ഉദ്യോഗസ്ഥർ പറഞ്ഞു. ആനയുടെ ജഡം പോസ്റ്റ്മോർട്ടം നടത്തും. നേരത്തെയും ആനക്കൂട്ടിൽ ഇത്തരത്തിൽ ആനകൾ ചരിഞ്ഞ സംഭവമുണ്ടായിട്ടുണ്ട്.

## ആലപ്പുഴയിൽ യുവതിയെ പിതാവ് കഴുത്ത് ഞെരിച്ച് കൊലപ്പെടുത്തി

ആലപ്പുഴ: ആലപ്പുഴ ഓമനപ്പുഴയിൽ യുവതിയെ പിതാവ് കൊലപ്പെടുത്തി. എയ്ഞ്ചൽ ജാസ്മിൻ (28) ആണ് മരിച്ചത്. കഴുത്തിൽ തോർത്ത് മുറുക്കി കൊലപ്പെടുത്തുകയായിരുന്നു. സംഭവത്തിൽ പ്രതി ജോസ്മോനെ പോലീസ് കസ്റ്റഡിയിലെടുത്തു.

ഭർത്താവുമായി പിണങ്ങിയ ജാസ്മിൻ ഏതാനും നാളുകളായി സ്വന്തം വീട്ടിൽ താമസിക്കുകയായിരുന്നുവെന്ന് പോലീസ് പറഞ്ഞു.

## ശിക്ഷാനടപടി ഉണ്ടാകുമെന്ന് ഉറപ്പായിരുന്നു; താൻ നടത്തിയത് പ്രഫഷണൽ സൂയിസൈഡെന്ന് ഡോ. ഹാരിസ്

തിരുവനന്തപുരം: മുഖ്യമന്ത്രിയുടെ കുറ്റപ്പെടുത്തലിൽ വിഷമമില്ലെന്ന് തിരുവനന്തപുരം മെഡിക്കൽ കോളജിലെ യൂറോളജി വിഭാഗം മേധാവി ഡോ. ഹാരിസ്. താൻ വിമർശിച്ചത് സർക്കാരിനെയോ മന്ത്രിസഭയെയോ അല്ലെന്ന് അദ്ദേഹം പ്രതികരിച്ചു. ബ്യൂറോക്രസിയുടെ മെല്ലെപ്പോക്കിനെതിരെയാണ് പ്രതികരിച്ചത്. മുഖ്യമന്ത്രി തനിക്ക് ഗുരുതുല്യനാണ്. വേറെ മാർഗമില്ലാതായപ്പോഴാണ് പ്രഫഷണൽ സൂയിസൈഡ് വേണ്ടിവന്നത്. ശിക്ഷാനടപടി ഉണ്ടാകുമെന്ന് ഉറപ്പായിരുന്നെന്നും അദ്ദേഹം പറഞ്ഞു. ആരോഗ്യമേഖലയുടെ പരിമിതികൾ വിദഗ്ധ സംഘത്തെ അറിയിച്ചു. ബ്യൂറോക്രസിയുടെ വീഴ്ച പരിഹരിക്കണം. പ്രശ്നങ്ങൾ പരിഹരിച്ചാൽ ആരോഗ്യമേഖല ഉയർച്ചയിലേക്ക് പോകും. തനിക്കെതിരേ കുറ്റപ്പെടുത്തലും നടപടിയും ഉണ്ടായാലും നിലപാടിൽ തുടരും. ഇപ്പോൾ ആശുപത്രിയിൽ ഉപകരണങ്ങൾ എത്തിയത് എങ്ങനെയാണെന്നും പ്രശ്നമുണ്ടാക്കിയാലെ പരിഹാരമുള്ളൂ എന്നാണോയെന്നും അദ്ദേഹം ചോദിച്ചു.

## ഈരാറ്റുപേട്ടയ്ക്ക് സമീപം കലുങ്കിനടിയിൽ കുരുങ്ങിയ നിലയിൽ മൃതദേഹം

കോട്ടയം: ഈരാറ്റുപേട്ടയ്ക്ക് സമീപം കലുങ്കിനടിയിൽ കുരുങ്ങിയ നിലയിൽ മൃതദേഹം കണ്ടെത്തി. തിടനാട് മൂന്നാംതോട് കുരിശുപള്ളി ചിറ്റാറ്റിൻകര റോഡിലെ തോടിനോട് ചേർന്നുള്ള കലുങ്കിനടിയിലാണ് പുരുഷന്റെ മൃതദേഹം കണ്ടെത്തിയത്. മൃതദേഹത്തിന് രണ്ടുദിവസത്തെ പഴക്കമുണ്ട്. റോഡിനോട് ചേർന്ന് ഒഴുകുന്ന തോട്ടിൽ തുണിയലക്കാൻ എത്തിയ സ്ത്രീയാണ് ആദ്യം മൃതദേഹം കണ്ടത്. പാലക്കാടുനിന്നെത്തി കൂലിപ്പണികൾ ചെയ്തിരുന്ന ലക്ഷ്മണൻ എന്നയാളുടെ മൃതദേഹമാണിതെന്നാണ് പ്രാഥമിക നിഗമനം. ഇയാൾ റോഡിലെ കല്ലിലിരുന്ന് മദ്യപിക്കവെ മറിഞ്ഞുവീണതാകാമെന്നാണ് സംശയം. പോലീസ് മേൽനടപടികൾ സ്വീകരിച്ചു.

## തന്റെ പ്രതികരണം മാധ്യമങ്ങൾ വളച്ചൊടിച്ചു, സിപിഎമ്മിനെ താറടിച്ചുകാണിക്കാൻ ശ്രമമെന്ന് പി. ജയരാജൻ

കണ്ണൂർ: റവാഡ ചന്ദ്രശേഖറിന്റെ ഡിജിപി നിയമനം സംബന്ധിച്ച തന്റെ പ്രതികരണം മാധ്യമങ്ങൾ വളച്ചൊടിച്ചെന്ന് സിപിഎം സംസ്ഥാന കമ്മിറ്റിയംഗം പി. ജയരാജൻ. മന്ത്രിസഭാ തീരുമാനത്തെ അനുകൂലിച്ചാണ് താൻ പറഞ്ഞത്. എന്നാൽ, ചില മാധ്യമങ്ങൾ പ്രത്യേക താത്പര്യപ്രകാരം അത് ദുർവ്യാഖ്യാനം ചെയ്തെന്നും സിപിഎമ്മിനെ താറടിച്ചുകാണിക്കുന്നതിന്റെ ഭാഗമായാണിതെന്നും അദ്ദേഹം കുറ്റപ്പെടുത്തി. പാലക്കാട് മാധ്യമസുഹൃത്തുക്കൾ വന്ന് കണ്ടപ്പോഴാണ് പുതിയ ഡിജിപിയായി റവാഡ ചന്ദ്രശേഖറിനെ തീരുമാനിച്ച കാര്യം അറിഞ്ഞത്. ഞാൻ വാർത്താസമ്മേളനമൊന്നും വിളിച്ചിട്ടില്ല. സർക്കാർ തീരുമാനത്തെക്കുറിച്ച് അഭിപ്രായം പറയേണ്ടത് സ്വാഭാവികമായും സർക്കാരാണ്. പാർട്ടി അല്ലല്ലോ സർക്കാരിനോട് നിർദേശിക്കേണ്ടത്. കേന്ദ്രം നൽകിയ മൂന്നുപേരുകളിൽ ഒരാളെ സംസ്ഥാനം മെറിറ്റ് അടിസ്ഥാനത്തിൽ നിയമിച്ചു. അതിനെതിരായി താൻ ഒന്നും പറഞ്ഞിട്ടില്ലെന്നും ജയരാജൻ കൂട്ടിച്ചേർത്തു.

## യുവാക്കളുടെ മരണം; റഷ്യയോട് ഉടക്കി അസർബൈജാൻ

മോസ്കോ: റഷ്യ-അസർബൈജാൻ ബന്ധം ഉലയുന്നു. റഷ്യൻ കസ്റ്റഡിയിൽ രണ്ട് അസർബൈജാൻ യുവാക്കൾ കൊല്ലപ്പെട്ടതോടെയാണ് ഇരുരാജ്യങ്ങളും തമ്മിലുള്ള ബന്ധം ഉലഞ്ഞത്. റഷ്യൻ നഗരമായ യെക്കാറ്ററിൻബർഗിൽ കൊലക്കേസ് അന്വേഷണങ്ങളുടെ ഭാഗമായാണ് റഷ്യൻ പോലീസ് ഇവരെ കസ്റ്റഡിയലെടുത്തത്. സഹോദരന്മാരായ സിയാദ്ദീനും ഹുസൈൻ സഫറോവുമാണ് പോലീസ് കസ്റ്റഡിയിൽ മരിച്ചത്. അസർബൈജാനിൽ ജനിച്ച റഷ്യൻ പൗരത്വമുള്ളവരാണിവർ. ആകെ അൻപതോളം പേരെ അറസ്റ്റ് ചെയ്തിരുന്നു. സംഭവത്തിൽ അസർബൈജാൻ വിദേശകാര്യ മന്ത്രാലയം റഷ്യൻ പ്രതിനിധിയെ വിളിച്ചുവരുത്തി. നിരവധി പേർക്ക് ഗുരുതരമായി പരിക്കേറ്റതായും മന്ത്രാലയം അറിയിച്ചു.എഫ്എസ്ബി ഏജൻറുമാരാണെന്ന് ആരോപിച്ച് അസർബൈജാൻ രണ്ട് റഷ്യൻ സർക്കാർ മാധ്യമ ജീവനക്കാരെ കസ്റ്റഡിയിലെടുത്തിട്ടുണ്ട്. അയൽക്കാരായ ഇരുരാജ്യങ്ങളും തമ്മിൽ അടുത്തിടെ സംഘർഷം ആരംഭിച്ചിരുന്നു. കഴിഞ്ഞ ഡിസംബറിൽ, അസർബൈജാനി എയർലൈൻസിന്റെ വിമാനം അബദ്ധത്തിൽ റഷ്യൻ വിമാനവേധ മിസൈൽ തകർത്തിരുന്നു. 38 പേരാണ് കൊല്ലപ്പെട്ടത്.

## ഡോ. ഹാരിസ് പറഞ്ഞത് സത്യം; മന്ത്രിമാർക്ക് ഭീഷണിയുടെ സ്വരമെന്ന് സതീശൻ

തിരുവനന്തപുരം: ഡോക്ടർ ഹാരിസിനെ ഭീഷണിപ്പെടുത്താനാണ് സിപിഎമ്മും സർക്കാരും ഇപ്പോൾ ശ്രമിക്കുന്നതെന്ന് പ്രതിപക്ഷ നേതാവ് വി. ഡി. സതീശൻ. ഇനി ആരും സത്യം തുറന്നുപറയാതെയിരിക്കാനാണ് മന്ത്രിമാർ അടക്കം ഭീഷണിയുടെ സ്വരം ഉയർത്തുന്നതെന്നും സതീശൻ പ്രതികരിച്ചു. വിഷയത്തിൽ മന്ത്രിമാർ പരസ്പര വിരുദ്ധമായാണ് സംസാരിക്കുന്നത്. ആരോഗ്യമേഖലയെക്കുറിച്ച് പ്രതിപക്ഷം ഉന്നയിച്ച ആരോപണങ്ങൾ സത്യമെന്ന് അടിവരയിടുന്നതാണ് ഡോ. ഹാരിസിന്റെ തുറന്നുപറച്ചിൽ. സത്യം തുറന്നപറഞ്ഞതിന് ഒരാളെ ഭീഷണിപ്പെടുത്തുന്നത് ശരിയായ രീതിയല്ല. ഡോക്ടർ പറഞ്ഞ വിഷയത്തെ നിരാകരിക്കാനാണ് ശ്രമിക്കുന്നത്. കേരളത്തിലെ ആരോഗ്യ മേഖലയ്ക്ക് നേരത്തേ മുതൽ നല്ല പേരുണ്ടായിരുന്നു. അതാണ് ഇപ്പോൾ ഇല്ലാതാക്കിക്കൊണ്ട് ഇരിക്കുന്നതെന്നും സതീശൻ പറഞ്ഞു.

## ഇ. പി. ജയരാജന്റെ ആത്മകഥാ വിവാദം; കേസിൽ കുറ്റപത്രം സമർപ്പിച്ചു

കോട്ടയം: സിപിഎം കേന്ദ്ര കമ്മിറ്റി അംഗം ഇ. പി. ജയരാജന്റെ ആത്മകഥാ വിവാദ കേസിൽ അന്വേഷണ സംഘം കുറ്റപത്രം സമർപ്പിച്ചു. കോട്ടയം സിജെഎം കോടതിയിലാണ് കുറ്റപത്രം സമർപ്പിച്ചത്. കേസിൽ ഡി സി ബുക്സ് മുൻ എഡിറ്റർ എ. വി. ശ്രീകുമാറാണ് ഏക പ്രതി. വ്യാജ രേഖ ചമയ്ക്കൽ, ഐടി ആക്ട് അടക്കമുള്ളവ ചുമത്തിയാണ് കുറ്റപത്രം. കോട്ടയം ഈസ്റ്റ് പോലീസാണ് കേസന്വേഷിച്ചത്. കേസെടുത്ത് ആറുമാസത്തിന് ശേഷമാണ് കുറ്റപത്രം സമർപ്പിച്ചത്. ആത്മകഥയിൽ നിന്നുള്ള ചില ഭാഗങ്ങൾ ചേലക്കര ഉപതെരഞ്ഞെടുപ്പു സമയത്തു പുറത്തുവന്നത് രാഷ്ട്രീയ വിവാദമായിരുന്നു. തുടർന്നാണു ഡിസി ബുക്സിനെതിരെ ഇ. പി കേസ് കൊടുത്തത്. എ. വി. ശ്രീകുമാർ ആത്മകഥാഭാഗങ്ങൾ ചോർത്തിയെന്നാണ് ഡിജിപിക്ക് നൽകിയ പോലീസ് റിപ്പോർട്ട്. ഇപിയും ഡിസി ബുക്സും തമ്മിൽ ആത്മകഥ പ്രസിദ്ധീകരിക്കുന്നതിൽ രേഖാമൂലമുള്ള കരാർ കണ്ടെത്താനായില്ലെന്നും പോലീസ് വ്യക്തമാക്കിയിരുന്നു.

## എഫ്.എൻ.എച്ച്.ഡബ്ളിയു ദ്വിദിന റീജിയണൽ സെമിനാർ: സാമൂഹ്യ വികസനത്തിൽ കേരളം ലോകമാതൃകയെന്ന് വിവിധ സംസ്ഥാനങ്ങൾ

തിരുവനന്തപുരം: കേന്ദ്ര ഗ്രാമവികസന മന്ത്രാലയത്തിന്റെ ആഭിമുഖ്യത്തിൽ മേഘാലയയിലെ ഷില്ലോങ്ങിൽ സംഘടിപ്പിച്ച എഫ്.എൻ.എച്ച്.ഡബ്ളിയു ദ്വിദിന റീജിയണൽ സെമിനാറിൽ തിളങ്ങി കേരളം. കേരളം ഉൾപ്പെടെ പതിനഞ്ച് സംസ്ഥാനങ്ങളും രണ്ട് കേന്ദ്രഭരണ പ്രദേശങ്ങളും പങ്കെടുത്ത സെമിനാറിൽ സാമൂഹ്യ വികസന രംഗത്ത് കുടുംബശ്രീ മുഖേന കേരളത്തിൽ നടപ്പാക്കുന്ന വിവിധ പദ്ധതി പ്രവർത്തനങ്ങളുടെ മികവും അതു വഴി കൈവരിച്ച നേട്ടങ്ങളും ശ്രദ്ധേയമായി. രണ്ടു ദിവസങ്ങളിലായി സംഘടിപ്പിച്ച സെമിനാറിൽ കേരളം സാമൂഹിക വികസന രംഗത്ത് ലോകമാതൃകയാണെന്ന് വിവിധ സംസ്ഥാനങ്ങളുടെ സമ്മേളനം അഭിപ്രായപ്പെട്ടു.കേന്ദ്ര ഗ്രാമവികസന മന്ത്രാലയത്തിനു കീഴിൽ ദേശീയ ഗ്രാമീണ ഉപജീവന ദൗത്യം, നാഷണൽ മിഷൻ മാനേജ്മെന്റ് യൂണിറ്റ് എന്നിവ സംയുക്തമായി സംഘടിപ്പിച്ച സെമിനാറിലാണ് കേരളം കൈയ്യടി നേടിയത്. സാമൂഹ്യ വികസന പ്രവർത്തനങ്ങളിൽ കേരളത്തെ മാതൃകയാക്കി മുന്നോട്ടു പോകണമെന്ന് ഗ്രാമവികസന മന്ത്രാലയം ജോയിന്റ് സെക്രട്ടറി സ്മൃതി ഷരൺ പറഞ്ഞു. അതിദാരിദ്ര്യ നിർമാർജനവുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് കുടുംബശ്രീ മുഖേന നടപ്പാക്കിയ ഉജ്ജീവനം, തദ്ദേശീയ മേഖലയിലെ കുട്ടികളുടെ സർഗാത്മകത വളർത്തുന്നതിനായി കഴിഞ്ഞ വർഷം നടപ്പാക്കിയ കനസ് ജാഗ, തദ്ദേശീയ മേഖലയിലെ യുവജനങ്ങൾക്ക് ഇംഗ്ളീഷ് ഭാഷയിൽ നൈപുണ്യപരിശീലനം നൽകുന്നതിന് നിലവിൽ നടപ്പാക്കി വരുന്ന കെ-ടിക് തുടങ്ങിയ പദ്ധതികൾ ഇതര സംസ്ഥാനങ്ങളുടെ പ്രശംസ നേടി. ആരോഗ്യ മാനസികാരോഗ്യ മേഖലയിൽ നടപ്പാക്കുന്ന ഹാപ്പി കേരളം, ഭിന്നശേഷിക്കാരായ കുട്ടികൾക്കു വേണ്ടി നടത്തുന്ന ബഡ്സ് സ്കൂളുകൾ, മുതിർന്ന വ്യക്തികൾക്കായി നടത്തുന്ന ബഡ്സ് പുനരധിവാസ കേന്ദ്രങ്ങൾ എന്നിവയും മാതൃകാപരമാണെന്ന് സെമിനാറിൽ വിവിധ സംസ്ഥാനങ്ങൾ അഭിപ്രായപ്പെട്ടു.കേരളം കൂടാതെ ആന്ധ്ര പ്രദേശ്, അരുണാചൽ പ്രദേശ്, ആസാം, ഗോവ, കർണാടക, മണിപ്പൂർ, മിസോറാം, നാഗാലാൻഡ്, ഒഡീഷ, സിക്കിം, തമിഴ്നാട്, തെലുങ്കാന, ത്രിപുര, വെസ്റ്റ് ബംഗാൾ എന്നീ സംസ്ഥാനങ്ങളും ലക്ഷദ്വീപ്, പുതുച്ചേരി എന്നീ കേന്ദ്രഭരണ പ്രദേശങ്ങളും സെമിനാറിൽ പങ്കെടുത്തു. കേരളത്തെ പ്രതിനിധീകരിച്ച് കുടുംബശ്രീ പ്രോഗ്രാം ഓഫീസർ ഡോ.ബി.ശ്രീജിത്ത് സാമൂഹിക വികസന രംഗത്ത് കുടുംബശ്രീ മുഖേന നടപ്പാക്കുന്ന വിവിധ പദ്ധതികൾ സംബന്ധിച്ച അവതരണം നടത്തി. സ്റ്റേറ്റ് പ്രോഗ്രാം മാനേജർ ജസ്റ്റിൻ മാത്യു, അസിസ്റ്റന്റ് പ്രോഗ്രാം മാനേജർ കൃഷ്ണകുമാരി ആർ എന്നിവർ പങ്കെടുത്തു. മലപ്പുറം ജില്ലയിൽ നിന്നുള്ള കമ്യൂണിറ്റി റിസോഴ്സ് പേഴ്സൺ ആതിര എഫ്.എൻ.എച്ച്.ഡബ്ളിയു പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട വിജയാനുഭവങ്ങൾ പങ്കു വച്ചു. മേഘാലയയിലെ വിവിധ സി.ഡി.എസുകളും സംഘം സന്ദർശിച്ചു.

## ഹാരിസ് മികച്ച ഡോക്ടർ; വാക്കുകളിൽ കുനിഷ്ട് ഉള്ളതായി തോന്നുന്നില്ലെന്ന് ബിനോയ് വിശ്വം

തിരുവനന്തപുരം: മെഡിക്കൽ കോളേജിലെ ശസ്ത്രക്രിയാ ഉപകരണ ക്ഷാമത്തെക്കുറിച്ച് ഫേസ്ബുക്ക് പോസ്റ്റിട്ട ഡോ. ഹാരിസ് മികച്ച ഡോക്ടറാണെന്ന് സിപിഐ സംസ്ഥാന സെക്രട്ടറി ബിനോയ് വിശ്വം. ഡോക്ടറെ വ്യക്തിപരമായി അറിയില്ല പക്ഷേ നിരവധിപേർ പറഞ്ഞത് അദ്ദേഹം മികച്ച ഡോക്ടർ ആണെന്നാണ്.

കാര്യങ്ങൾ നേരെയാകണം എന്ന ബോധ്യത്തോടെയാണ് അദ്ദേഹം പ്രതികരിച്ചത്. അതായിരിക്കണം ഡോക്ടറുടെ ഉദ്ദേശ്യം. വാക്കുകളിൽ കുനിഷ്ട് ഉള്ളതായി തോന്നുന്നില്ല സർവീസ് ചട്ടങ്ങളുമായി ബന്ധപ്പെട്ട കാര്യങ്ങൾ സർക്കാർ നോക്കട്ടെയെന്നും ബിനോയ് വിശ്വം പറഞ്ഞു. അതേസമയം ഡോ. ഹാരിസിനെതിരെയുള്ള മുഖ്യമന്ത്രിയുടെ വിമർശനത്തെ കുറിച്ചുള്ള മാധ്യമപ്രവർത്തകരുടെ ചോദ്യത്തോട് ബിനോയ് വിശ്വം പ്രതികരിച്ചില്ല.

## പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ്

പട്ടികജാതി വിദ്യാർഥികൾക്കുള്ള 2025-26 വർഷത്തെ പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ് അപേക്ഷകൾ ഇ-ഗ്രാന്റ്സ് പോർട്ടലിലൂടെ സമർപ്പിക്കാം. സ്കോളർഷിപ്പ് അപേക്ഷകൾ ഓക്ടോബർ 15 നകം ഓൺലൈനായി സമർപ്പിക്കണം. കൂടുതൽ വിവരങ്ങൾക്ക് അതത് ജില്ലാ പട്ടികജാതി വികസന ഓഫീസുകളുമായി ബന്ധപ്പെടുക.

## ഇരിക്കുന്ന സ്ഥാനത്തിന് യോജിച്ച രീതിയല്ല ചെയ്തത്; ഡോ. ഹാരിസിനെതിരേ മന്ത്രി സജി ചെറിയാൻ

തിരുവനന്തപുരം: തിരുവനന്തപുരം മെഡിക്കൽ കോളജിലെ യൂറോളജി വിഭാഗം മേധാവി ഡോ. ഹാരിസ് ചെയ്തത് സ്ഥാനത്തിന് യോജിച്ച രീതിയല്ലെന്ന് മന്ത്രി സജി ചെറിയാൻ. ഇത്രയും നല്ല പ്രവർത്തനം നടക്കുന്ന ആശുപത്രിയിൽ ചിലപ്പോൾ മരുന്നുകളുടെയോ ഉപകരണങ്ങളോ കുറവ് കാണും. ഇല്ലെന്ന് തങ്ങൾ പറയുന്നില്ലെന്ന് മന്ത്രി പ്രതികരിച്ചു. ഹാരിസ് തിരുത്തിയത് നല്ല കാര്യമാണ്. ഇതിനേക്കാൾ എത്രയോ മോശമായ രീതിയിൽ പ്രവർത്തിക്കുന്ന സ്വകാര്യ ആശുപത്രികൾ ഉണ്ട്. അത് എന്തെങ്കിലും വാർത്തയാകുന്നുണ്ടോയെന്നും മന്ത്രി ചോദിച്ചു. ആരോഗ്യമേഖലയിലെ ഒരു പോരായ്മ മന്ത്രി വീണാ ജോർജിന്റെ വീഴ്ചയായി കണക്കാക്കേണ്ടതില്ല. മന്ത്രി വീണാ ജോർജിൻറേത് മികച്ച പ്രവർത്തനമാണെന്നും മന്ത്രി കൂട്ടിച്ചേർത്തു.

## മൂന്നാർ ഗ്യാപ് റോഡിലേക്ക് കൂറ്റൻ പാറ പതിച്ചു; ഒഴിവായത് വൻ ദുരന്തം

ഇടുക്കി: മൂന്നാർ ഗ്യാപ് റോഡിൽ കൂറ്റൻ പാറക്കല്ല് റോഡിലേക്ക് പതിച്ചു. പാറ ഇവിടെനിന്ന് നീക്കാനുള്ള നടപടികൾ തുടരുകയാണ് ചൊവ്വാഴ്ച രാത്രിയായിരുന്നു സംഭവം. ഈ സമയത്ത് വാഹനങ്ങൾ ഇതുവഴി കടന്നുപോകാതിരുന്നത് കൊണ്ട് വലിയ അപകടം ഒഴിവായി. ഇപ്പോൾ റോഡിന്റെ ഒരു ഭാഗത്തുകൂടി വാഹനങ്ങൾ കടത്തിവിടുന്നുണ്ട്.